Kolkata Kairali Samajam's
MERISTEM
ISSUE 3 NOVEMBER 15, 2026

Book: ***Just Being*** | Author: ***Romila Thapar*** | Publisher: ***Seagull Books*** | Year of publication: ***2026***
Pages: ***710*** | Price: ***Rs 1499*** | Language: ***English*** | Subject: ***Memoir***

She Walked with History!

E.V.Ramakrishnan
E.V.Ramakrishnan is a bilingual critic and Indian English poet

It is not easy to review a book of 700 plus pages in a brief note of about 600 words. My purpose here is to highlight its significance for us at a time when the creative freedom of intellectuals has increasingly come under strain. Besides being a historian of repute, Romila Thapar has been a public intellectual, an institution-builder and an original thinker who made a difference to the way we perceive Humanities in general, and History in particular.

Born in 1931, she came of age during the eventful decades of the Second World War, the Partition, the Independence and the emergence of Indian Republic. Her father being a medical officer in the British Indian army, the family moved frequently through undivided India. Her father's interest in South Indian bronze sculptures and classical art led her to take interest in ancient Indian history which became her field of research. She underwent rigorous training at the School of Oriental and African Studies (SOAS) at London University, under distinguished scholars like A.L.Basham. She lived an exciting life in the London of the 1950s, participating in cultural, political and academic events. It was after her she joined the JNU in 1970 as a Chair in Ancient Indian History that she came into her own. What followed was a highly productive phase of her career where she contributed substantially to the making of an internationally reputed academic centre in India. She, along with reputed colleagues, designed courses, recruited faculty members and shaped a new approach to the pedagogy and methodology of teaching history. It was her chapter, 'JNU Years' that I read first from the book, as I was curious to discover more about her JNU phase. She rightly comments that 'The years of my association with JNU were some of the best years of my life' (252). Those were the years that saw her rise as a citizen of the world, completely at home with the most eminent historians and philosophers of her times from Eric Hobsbawm to Derrida.

Her reminiscences recount in detail her intellectual journey: her struggle to become an assertive independent woman, how she made her presence felt in the male-dominated Indian academia despite cynicism and hostility, her strong commitment to values of integrity and excellence. Her narrative shows how one balances the life of the mind with the pleasures of living life zestfully. She must be one of the few in her generation who had the good fortune to meet Mahatma Gandhi, Mao Zedong, Zhou Enlai and Nelson Mandela. She is the only Indian to have won the Kluge Prize (2008), considered equivalent to the Nobel Prize, for her contributions to Humanities and Social Sciences.

The book is remarkable for its interest in ideas and debates that define the life and politics of the world in our times. She has much to say about the genesis and development of her major works. Despite her stature as a formidable scholar of world repute, she faced harassment from the government agencies during the Emergency. Her commitment to education was what led her to write some of the NCERT books on Ancient Indian History. With the rise of Hindutva, these books were withdrawn. One of her final chapters is titled, 'Is Democracy Fading Out?' For an intellectual of her calibre, the gradual erosion of the values of dissent, dialogue and democracy in India, can be painful and shattering. Romila Thapar has had her share of setbacks and trials in her long life. She is candid with her personal life to the extent possible, as the accent here is on her intellectual life. She remains a towering figure among intellectuals and academics of the world, one of the few Indians who still inspires trust and faith in the value of knowledge and the importance of values one lives by.

Book: ***The Sunday Book Bazaar: Daryaganj and the Making of a Reader's Public in Delhi***
Author: ***Kanupriya Dhingra*** | Publisher: ***Speaking Tiger*** | Year of Publication: ***2026***
Pages: ***336*** | Price: ***Rs. 599*** | Language: ***English*** | Subject: ***History***

A beautiful history of Delhi's famous Sunday book bazaar in Daryaganj, and the readers, booksellers, and book lovers who made it a holy weekly celebration for readers. Review by: Mangad Rathnakaran

---

വിശുദ്ധ ഞായറാഴ്ചകൾ

മാങ്ങാട് രത്നാകരൻ
വിവിധ വിഭാഗങ്ങളിലായി അമ്പതോളം പുസ്തകങ്ങൾ രചിച്ചിട്ടുള്ള മാങ്ങാട് രത്നാകരൻ കവിയും ഗദ്യകാരനും വിവർത്തകനും ദൃശ്യമാധ്യമ പ്രവർത്തകനുമാണ്.

കനുപ്രിയ ധിൻഗ്ര എന്ന എഴുത്തുകാരി ഡൽഹിയിലെ ദാരിയാഗഞ്ചിലെ ഞായറാഴ്ച പുസ്തകച്ചന്ത യെക്കുറിച്ച് എഴുതിയ പുസ്തകം കൈയിലെടുത്തപ്പോഴും വായിച്ചപ്പോഴും അടച്ചുവച്ചപ്പോഴും എന്നെ പ്പൊതിഞ്ഞ ഓർമ്മകൾ നിരവധിയാണ്.

കഴിഞ്ഞ നൂറ്റാണ്ടിൽ, എൺപതുകളുടെ ആദ്യപാദത്തിൽ ഡൽഹിയിലായിരുന്നപ്പോൾ, ഞായ റാഴ്ചകളിലെ തീർത്ഥാടനകേന്ദ്രമായിരുന്നു ദാരിയാഗഞ്ച്. വിശിഷ്ട പുസ്തകങ്ങൾ പിടിക്കാനുള്ള ചൂണ്ടലുമായുള്ള നടത്തം, ആവശ്യത്തിനു കാശില്ലാത്തതു കാരണം കൊതിച്ചവയുടെ വഴുതിപ്പോക്ക്, ചില ഞായറാഴ്ചകളിൽ യുദ്ധം ജയിച്ച പടനായകനെപ്പോലുള്ള തിരിച്ചുവരവ്... പല വീടുമാറ്റങ്ങളിൽ കുറെയെല്ലാം കൊഴിഞ്ഞുപോയെങ്കിലും ഇന്നും കൈയിലുള്ള നാലഞ്ചു നോവൽപ്പേരുകൾ പറയട്ടെ: *കളകൂഡ് നോവൽസ് ഓഫ് ഫ്രീഡ്രിഷ് ഡ്യൂറൻമാറ്റ്, ഗുഡ് സൊൾജ്യർ ഷായ്ഖ്* (ഹാസെക്) *മാസ്റ്റർ ആൻഡ് മാർഗരീറ്റ* (ബുൾഗക്കോവ്)

പഴയ ഡൽഹി മുഗൾഭരണത്തിന്റെ നിറവും മണവുമുള്ള, ജീവിതം നുരകുത്തുന്ന തെരുവു കളുടെയും കോട്ടകളുടെയും ആരാധനാലയങ്ങളുടെയും സങ്കേതമാണ്, അവിടെയാണ് ദാരിയാ ഗഞ്ച്. ആ ദാരിയാഗഞ്ചിന്റെ തെരുവോരങ്ങളിലേയ്ക്കാണ് ഞായറാഴ്ചകളിലെ പ്രഭാതത്തോ ടൊപ്പം പുസ്തകങ്ങൾ ചിറകടിച്ചെത്തുന്നത്. പുസ്തകങ്ങൾ, മാസികകൾ–കൈമറിഞ്ഞെത്തി യവ, ഉപേക്ഷിക്കപ്പെട്ടവ, മോഷണമുതലായി എത്തിയവ, ലൈബ്രറികൾ ഒഴിവാക്കിയവ, പുസ്തക പ്രേമികളുടെ മരണത്തോടെ അനാഥമായവ. ചെറുപ്പക്കാർ എരിവും പുളിയുമുള്ളവയും കുട്ടികൾ കോ മിക് പുസ്തകങ്ങളും വിദ്യാർത്ഥികൾ പഠന ഗൈഡുകളും ബുദ്ധിജീവികൾ പുതിയ താരോദയങ്ങ ളെയും തേടിപ്പോകുന്നതും കണ്ടേക്കാം.

ഞായറാഴ്ച പുസ്തക ബസാറിന് അങ്ങനെ കാര്യമായ പഴക്കമൊന്നുമില്ല. ചെങ്കോട്ടയുടെ നിഴലി ലുള്ള തെരുവുകളിൽ 1950–കൾ തൊട്ട് സംഗീത റെക്കോഡുകളാണ് പ്രധാനമായും നിറഞ്ഞിരുന്നതത്രെ. പിന്നീട് ട്രാൻസിസ്റ്റർ റേഡിയോകൾ, മോട്ടോർ സൈക്കിൾ ഭാഗങ്ങൾ, സിനിമാപ്പാട്ടു പുസ്തകങ്ങൾ, *ടൈം*, *ലൈഫ്*, *നാഷണൽ ജ്യോഗ്രഫിക്* മാസികകൾ അങ്ങനെ പലതും വില്പനയ്ക്കു വച്ചിരുന്നു. ക്രമേണ, എഴുപതുകളോടെ പുസ്തകങ്ങളും മാസികകളും തെരുവുകളെ കീഴടക്കുകയായിരുന്നു.

ലണ്ടനിലെ സൊയാസിൽ (SOAS) ഡോക്ടറൽ റിസർച്ചിന്റെ ഭാഗമായാണ് ദാരിയാഗഞ്ചിലെ പുസ്തകപ്രതിഭാസത്തെക്കുറിച്ച് കനുപ്രിയ പഠിച്ചുതുടങ്ങിയത്. ഡൽഹിയുടെ പുരാതന–ആധു നിക ചരിത്രങ്ങളിൽ അവർ മുങ്ങിത്തപ്പി, തെരുവുകളിൽ പുസ്തകഗന്ധം ശ്വസിച്ച് അലഞ്ഞുതിരിഞ്ഞു, വിൽക്കുന്നവരോടും വാങ്ങുന്നവരോടും സംസാരിച്ചു, പടം പിടിച്ചു, ഇഷ്ടപ്പെട്ട പുസ്തകങ്ങൾ വാങ്ങി, പിന്നെ ജ്ഞാനഭാരമില്ലാതെ അയഞ്ഞ, തെളിഞ്ഞ ഗദ്യത്തിൽ എഴുതിത്തുടങ്ങി. അങ്ങനെ ഡൽഹി യുടേത് അധികാരത്തിന്റെ ചരിത്രം മാത്രമല്ലെന്നും അധികാരത്തിനെതിരെയുള്ള ആശയങ്ങൾ പ്രചരി പ്പിക്കുന്ന പുസ്തകങ്ങളുടേതു കൂടിയാണെന്നും കനുപ്രിയ നമ്മെ ബോധ്യപ്പെടുത്തുന്നു.

ഇന്ത്യൻ മഹാനഗരങ്ങളിലെയും വിദേശത്തെയും പല സെക്കൻഡ് ഹാന്റ് പുസ്തകശാല കളും എനിക്കു പരിചയമുണ്ട്. അവിടെ നിന്നും വാങ്ങിയ പുത്സതകങ്ങൾ എന്റെ സ്വകാര്യശേ ഖരത്തിൽ യാത്രകളുടെ ഓർമ്മകളുമായി കെട്ടുപിണഞ്ഞു കിടക്കുന്നുമുണ്ട്. തെരുവുവക്കിലെ പുസ്തകങ്ങൾ അക്കാദമിക പുസ്തകങ്ങളും ബെസ്റ്റ് സെല്ലറുകളുമായി പരിമിതപ്പെടുന്ന സമീപ കാലത്ത്, വൈവിധ്യങ്ങളുടെ നിറപ്പകർച്ചയുമായി ഞായറാഴ്ചകളെ വിശുദ്ധമാക്കുന്ന ഈ 'ഡൽഹി പ്രതിഭാസം' നീണാൾ വാഴട്ടെ !

ദാരിയാഗഞ്ചിലെ തെരുവുകളിൽ പുസ്തകങ്ങൾക്കായി അലഞ്ഞുതിരിഞ്ഞിരുന്ന ചരിത്രകാരനാ യിരുന്ന രാമചന്ദ്രഗുഹയെക്കുറിച്ച് പുസ്തകാവസാനത്തിൽ ഗ്രന്ഥകാരി എഴുതുന്നുണ്ട്. 'പലരെ സംബന്ധിച്ചും അദൃശ്യമായ, മഹത്തായ ഒരു ഡൽഹി സ്ഥാപനമായി' ഈ പുസ്തകബസാറിനെ അടയാളപ്പെടുത്തിയ, വിശദാംശങ്ങളോടെ മനോഹരമായി എഴുതിയ ഗ്രന്ഥകാരിയെ അഭിനന്ദി ക്കുകയും ചെയ്യുന്നു, രാമചന്ദ്രഗുഹ. ഈ പുസ്തകനിരൂപകനും കനുപ്രിയയെ ഗൃഹാതുരസ്മൃതി യോടെ അഭിനന്ദിക്കട്ടെ.

Book: ***Wrong Norma*** | Author: ***Anne Carson*** | Publisher: ***New Directions Publishing*** | Year of Publication: ***2024*** | Pages: ***192*** | Price: Rs. ***1,159*** | Language: ***English*** | Subject: ***Poetry***

A powerful collection of poems and essays by the acclaimed poet Anne Carson, exploring art, memory, translation, and the many opposite forms of writing and life. Review by: Jayakrishnan

---

എഴുത്തിന്റെ എതിർരൂപം

ജയകൃഷ്ണൻ

വിവർത്തകനും നോവലിസ്റ്റും ചിത്രകാരനുമാണ് ജയകൃഷ്ണൻ. വാക്കോളം, ചിത്രകഥയിൽ അവന്റെ ഭൂതങ്ങൾ എന്നിവ പുസ്തകങ്ങൾ.

ഒരുവൾ തന്നിലേക്കു വരുന്ന അപരത്വത്തെ പ്രതിഫലിപ്പിക്കുന്നതിനെപ്പറ്റി *Diadem* എന്ന അതിസുന്ദരമായ കാവ്യത്തിൽ യുറഗ്വായൻ എഴുത്തുകാരി മറോസ ദി ഹോർഹ്യോ (Marosa di Giorgio) പറയുന്നുണ്ട്. കവിതയിൽനിന്ന്: സായാഹ്നനക്ഷത്രം വളരെയടുത്തായിരുന്നു. അതുകൊണ്ടുതന്നെ അത് ചില്ലുകൊണ്ട്/നിർമ്മിക്കപ്പെട്ടതാണെന്നു തോന്നി, ഒരു വലിയ കുപ്പി പോലെ./മുറികളുടെ ആഴങ്ങളിൽനിന്ന് ഒരു ശബ്ദം പറഞ്ഞു, വിശുദ്ധന്മാരെ അകത്തേക്കു ക്ഷണിക്കൂ, അവർക്ക് ഭക്ഷണം വിളമ്പൂ/ഞാൻ വാതിൽപ്പടിയിലേക്കോടി, എന്നിട്ട് ഒച്ചവെച്ചു, എസ്തെഫാനിയാ! മൗസേ! മരീയ ഇനേസ്!/ചുവരലമാരകൾക്കു പിന്നിൽനിന്ന് അമ്മ ആവിർഭവിച്ചു, ഇങ്ങനെ പറഞ്ഞുകൊണ്ട്:/ഇതൊന്നും പുണ്യവാളന്മാരുടെ പേരുകളല്ല. അടുപ്പിനുമുകളിൽ ഞാനൊരു കലം വെയ്ക്കാൻ പോവുകയാണ്./അമ്മ കലം ചൂടാക്കി. വെള്ളവും മരുന്നുചെടികളുടെ തളിരിലകളും. അവർ പറഞ്ഞു, എനിക്കൊരു പൂമ്പാറ്റയെ പിടിച്ചുതരൂ./ഞാനങ്ങനെ ആഗ്രഹിച്ചതുകൊണ്ടുമാത്രം ആ നിമിഷം ഒരു പൂമ്പാറ്റ പ്രത്യക്ഷപ്പെട്ടു./വിറയലോടെ ഞാനതിന്റെ ചിറകുകളിൽ പിടികൂടി. വലുതായിരുന്നു അത്. കറുത്ത ചിറകുകൾ, വെളുത്ത തല. അമ്മ അതിനെ കലത്തിലേക്കിട്ടു. അതിൽക്കിടന്നു തിളച്ചെങ്കിലും അത് രൂപഭ്രംശം സംഭവിക്കാതെ നിന്നു. ചിറകുകൾ സൂപ്പിനുമേൽ വിടർത്തിവെച്ചുകൊണ്ട്.

തിളക്കുന്ന വെള്ളത്തിൽ വീണിട്ടും ആകൃതി കൈവിടാത്ത ആ ശലഭം മനുഷ്യന്റെ വിധി തന്നെയാണ്. ഒരർത്ഥത്തിൽ അവന്റെ എതിർരൂപം. മരീചിക പോലെ അടുത്തുവന്നിട്ടും അകലുന്ന ഇത്തരം നിഴലുകൾ തന്നെയാണ് സാഹിത്യത്തിനുള്ള ഈ വർഷത്തെ നോബെൽ പുരസ്ക്കാരം ലഭിച്ച ആൻ കാർസന്റെ കവിതകളിലേക്കും ചേക്കേറുന്നത്. രേഖീയതയെയും അതിരുകളെയും ഭാഷയ്ക്കുചുറ്റും നിറം പിടിപ്പിച്ചെഴുതുന്ന വരികളെയും സമയം-സ്ഥലം എന്നിവയെപ്പറ്റിയും നമ്മൾ ബദ്ധശ്രദ്ധരായിരിക്കുമ്പോഴും കാർസൻ ആരാണെന്നും അവർ എവിടെനിന്നാണു വന്നതെന്നും നമ്മൾ അത്ഭുതപ്പെടുന്നു. *Glass Essay* എന്ന രചനയിൽ കാർസന്റെ ആഖ്യാതാവ് സമയത്തെ വർത്തമാനകാലത്തിനടിയിലൂടെ നീങ്ങുന്ന പഴയ വീഡിയോടേപ്പായി ദൃശ്യവൽക്കരിക്കുന്നു; ഈ ഉപന്യാസകവിതയിലൊരിടത്ത് ആഖ്യാതാവിന് തന്റെ ആത്മാവിന്റെ നഗ്നമായ ദർശനങ്ങൾ ലഭിക്കുന്നതിനെപ്പറ്റി എഴുത്തുകാരി വിവരിക്കുന്നു. അവയെ അവൾ നഗ്നരൂപങ്ങൾ എന്നുതന്നെ വിളിച്ചു. അവയിൽ ചിലവയെ അവൾ ഓർമിക്കുന്നുണ്ട്:

നഗ്നരൂപം 7: വെളുത്ത മുറി. അതിന്റെ ചുവരുകൾക്ക് പ്രതലമോ വളവോ കോണുകളോ ഇല്ല. അവ പട്ടുപോലുള്ള നേർത്തപാടയാൽ നിർമിക്കപ്പെട്ടതുപോലെ തോന്നി; ചന്ദ്രന്റെ ഏതോ ആന്തരാവയവത്തിന്റെ മാംസം പോലെ. മഴവില്ലുകൾ അതിനുകുറുകെ വിറച്ചുകൊണ്ടു നിന്നു. ആ മുറിയുടെ ചുവരുകൾക്കുചുറ്റും ഒരു ശബ്ദം മന്ത്രിച്ചുകൊണ്ടു നീങ്ങി: വളരെയധികം സൂക്ഷിച്ചിരിക്കൂ, വളരെയധികം സൂക്ഷിച്ചിരിക്കൂ. മറ്റൊരുതരം എതിർരൂപമാണ് കർസന്റെ *Wrong Norma* എന്ന പുസ്തകം. കവിതാശകലങ്ങൾ, ഓർമ്മക്കുറിപ്പുകൾ, ഉപന്യാസം, നിരൂപണം, ആഖ്യാനം എന്നിവയുടെയെല്ലാം പരസ്പരബന്ധമില്ലെന്നു തോന്നിപ്പിക്കുന്ന സംയോജനമാണിത്. അന്യോന്യം യോജിപ്പിക്കപ്പെടാതെ നിൽക്കുന്നതുകൊണ്ടാണ് താനതിനെ wrong എന്നു വിളിക്കുന്നതെന്ന് എഴുത്തുകാരി തന്നെ വിശദമാക്കുന്നുണ്ട്.

ഈ പുസ്തകത്തിലെ Flaubert Again എന്ന അധ്യായം പുതിയ എഴുത്തുരീതിയെ കണ്ടുപിടിക്കുന്നതിനെക്കുറിച്ചുള്ള വിചിന്തനം കൂടിയാണ്. ഫ്രെഞ്ച് എഴുത്തുകാരനായ ഗുസ്താവ് ഫ്ലൂബേയുടെ (Gustave Flaubert) കത്തിൽ പരാമർശിച്ച 'ഒന്നുമില്ലായ്മയെപ്പറ്റിയുള്ള ഒരു പുസ്തകം' എന്ന വാക്യത്തെ മുൻനിർത്തി ഒരു നോവലിസ്റ്റ് പുതിയ ആഖ്യാനശൈലിയിലെത്തിച്ചേരാൻ ശ്രമിക്കുന്നു. പക്ഷേ ക്രമേണ അവൾ മനസ്സിലാക്കുകയാണ്; ഇതുതന്നെയാണ് എല്ലാ എഴുത്തുകാരുടെയും മനോരാജ്യം. അത്തരമൊരു നോവലെഴുതാൻ പലതും ഉന്മൂലനം ചെയ്തേ തീരൂ; കഥാവസ്തു, കഥാപരിണാമം, പറയാതെ പിടിച്ചുവെച്ച ഉത്തരങ്ങളിൽനിന്ന് വായനക്കാരന് ലഭിക്കുന്ന ആഹ്ലാദം ഇവയെല്ലാം. എഴുത്തുകാരി അങ്ങനെ രചന നടത്തിയാൽ അത് എല്ലാത്തിനെയും മായ്ച്ചുകളയുമെന്ന് കാർസൻ പറയുന്നു. തന്റെ എഴുത്തിലൂടെ ആൻ കാർസൻ ചെയ്തതും അതുതന്നെ. അവർ എഴുത്തിന്റെ പാരമ്പര്യങ്ങളെ മായ്ച്ചുകളഞ്ഞു; എതിർരൂപങ്ങളെ സൃഷ്ടിച്ചു.

Book: ***Amma Premalu*** | Author: ***Ravi Mantri*** | Translator: ***L. R. Swamy*** | Publisher: ***DC Books***
Year of Publication: ***2026*** | Pages: ***224*** | Price: ***Rs. 240*** | Language: ***Malayalam*** | Subject: ***Novel***

A tender and moving novel, translated from Telugu, about first love, separation, marriage, and a husband and wife who still honour the memory of their first love. Review by: Rajeevan Mundiyod

ആദ്യപ്രണയത്തെ മാനിക്കുന്ന ദമ്പതികൾ

രാജീവൻ മുണ്ടിയോട്
പരിഭാഷകൻ. തെലുഗുഭാഷയിൽ നിന്നു മലയാളഭാഷയിലേക്കും തിരിച്ചും സാഹിത്യരചനകൾ പരിഭാഷപ്പെടുത്തുന്നു.

വായനക്കാർക്കിടയിൽ പ്രണയകഥകളോടുള്ള താൽപര്യം ഒരിക്കലും കുറയുന്നില്ല. അത്തരം പുസ്തകങ്ങൾ എപ്പോഴും ജനപ്രിയമാണ്. അത് മടുത്തുകഴിഞ്ഞാൽ ആ സാഹിത്യം ആസ്വദിക്കാനുള്ള ആഗ്രഹവുമായി മറ്റൊരു തലമുറ തയ്യാറായി വരും. *എ ഫ്യൂ പേജസ് ഇൻ അമ്മാസ് ഡയറി* (തെലുഗു: *അമ്മ ഡയറിലോ കൊന്നി പേജീലു*) എന്ന ഈ പുസ്തകം തെലുഗുഭാഷയിൽ വിൽപ്പനയുടെ കാര്യത്തിൽ പുതിയ സംവേദനം സൃഷ്ടിച്ചുവെന്നറിഞ്ഞപ്പോൾ അതിന്റെ ഉള്ളടക്കം എന്താണെന്ന് ഞാൻ അന്വേഷിക്കുകയായിരുന്നു. അതിനിടയിൽ പലരും പുസ്തകം താൽപ്പര്യത്തോടെ വാങ്ങുന്നത് മനസ്സിലാക്കി. നോവൽ വായിക്കാൻ തെരഞ്ഞെടുത്തതിനുശേഷം അത് ഒന്നരമണിക്കൂറിനുള്ളിൽ വായിച്ചുതീർത്തു. ലളിതമായ ആഖ്യാനമുള്ള നോവലാണിത്.

*അമ്മ പ്രേമലു*വിലെ ദമ്പതികൾ അവരുടെ കോളേജ് ദിവസങ്ങളിൽ അഗാധമായി പ്രണയത്തിലാകുകയും, ശേഷം പരസ്പരം വേർപിരിയുകയും, പിന്നീട് മറ്റാളുകളെ വിവാഹം കഴിക്കുകയും ചെയ്യുന്നു. രണ്ടുപക്ഷത്തും ഭാര്യയും ഭർത്താവും നല്ല വ്യക്തികളാണ്. മികച്ച പ്രണയികളും. രണ്ടു ബന്ധങ്ങളിലും പരസ്പരം നന്നായി അവരുടെ ആദ്യപ്രണയം മനസ്സിലാക്കുകയും ഓർമ്മകളെ ബഹുമാനിക്കുകയും ചെയ്യുന്ന വ്യക്തിത്വമുള്ള കഥാപാത്രങ്ങളാണ് നോവലിലെ കാമുകനും കാമുകിയും. എന്നാൽ അപ്രതീക്ഷിത സാഹചര്യങ്ങളിൽ ഇരുവരുടെയും പങ്കാളികൾ മരിക്കുന്നു. വെവ്വേറെ ഇടങ്ങളിൽ കാമുകി മകനോടൊപ്പം ഒറ്റയ്ക്ക് താമസിക്കുന്നു, കാമുകൻ മകളോടൊപ്പം ഒറ്റയ്ക്ക് ജീവിക്കുന്നു. ജീവിതത്തിൽ വീണ്ടും ഇരുവരും കണ്ടുമുട്ടുമ്പോൾ അവരുടെ കുട്ടികൾ അവരെ ഒരുമിച്ചു കൊണ്ടുവരുന്നതാണ് പ്രമേയം. കഥ കൈകാര്യം ചെയ്ത രീതി നല്ലതാണ്. അവസാനംവരെ വികാരവിനിമയങ്ങളുടെ കാര്യത്തിൽ രചയിതാവ് സംവേദനക്ഷമത ഉപേക്ഷിക്കുന്നില്ല. ആദ്യപ്രണയം ജീവിതത്തിൽ ശക്തമായ സാന്നിധ്യമായി തുടരുന്നു എന്ന സത്യം എല്ലാ സാഹചര്യങ്ങളിലും കഥാകൃത്ത് വായനക്കാരെ ഓർമ്മിപ്പിക്കുന്നുണ്ട്.

വില്പനയിൽ *അമ്മ ഡയറിലോ കൊന്നി പേജീലു* തകർത്ത റെക്കോർഡുകളെക്കുറിച്ച് കേട്ടപ്പോൾ വായനക്കാരനെന്ന നിലയിൽ ഞാൻ അത്ഭുതപ്പെടുകയുണ്ടായി. ഈ പുസ്തകം തെലുഗുവിൽ നിരവധി വായനക്കാരെ സൃഷ്ടിച്ചിട്ടുണ്ടെന്നറിഞ്ഞപ്പോൾ സന്തോഷമായി. നോവൽ വായിച്ച മിക്ക വായനക്കാർക്കും ഇതൊരു സാധാരണ പ്രണയകഥയാണെന്ന് തോന്നിക്കാണും. ഒറ്റത്തവണ വായിക്കാവുന്ന ഒന്നാണ് *അമ്മ പ്രേമലു* എന്ന് ഞാനും കരുതുന്നു. പക്ഷേ പുസ്തകങ്ങൾ വായിക്കാൻ മറന്നുപോയ ചിലർ ഈ പുസ്തകം ചോദിച്ചുവാങ്ങി വായിക്കുന്നത് കാണുന്നത് സന്തോഷകരമായിരുന്നു. അതുകൊണ്ട് കൂടുതൽ വായനക്കാരെ സൃഷ്ടിച്ചതിന് എഴുത്തുകാരനെയും പ്രസാധകരെയും അഭിനന്ദിക്കേണ്ടതുണ്ട്.

സന്തോഷിക്കേണ്ട മറ്റൊരുകാര്യം, ഈ കഥയിൽ സ്നേഹത്തിന്റെ പേരിൽ രചയിതാവ് ഉത്തരവാദിത്തം കാണിച്ചിരിക്കുന്നു എന്നതാണ്. നോവലിൽ തലമുറകൾക്കിടയിൽ ദേഷ്യപ്പെടുന്ന കഥാപാത്രങ്ങളെ നമ്മൾ കാണുന്നില്ല. ഓരോരുത്തർക്കും അവരവരുടെ പ്രവർത്തികൾക്ക് അവരുടേതായ ന്യായീകരണങ്ങളുണ്ട്. അതുകൊണ്ടുതന്നെ നോവലിലെ എല്ലാ കഥാപാത്രങ്ങളും മാന്യരായി കാണപ്പെടുന്നു. അവരിൽ അഹങ്കാരമില്ല. പ്രണയത്തിന്റെ പേരിൽ ആശയക്കുഴപ്പവുമില്ല. പല ഭാഷകളിൽ നിരവധി ചെറുപ്പക്കാർ വായിച്ചിട്ടും അവർക്കു സങ്കടം തോന്നിയിട്ടില്ലെന്ന് കേട്ടപ്പോൾ എനിക്ക് സന്തോഷം തോന്നിയത് അതുകൊണ്ടാണ്. എന്നാൽ നല്ല വായനക്കാർക്കിത് ലളിതമായ പ്രണയകഥ മാത്രമാണ് എന്നുകൂടി വ്യക്തമാക്കട്ടെ. ആദ്യപേജുമുതൽ അവസാനപേജുവരെ ആ മാന്യത രചയിതാവ് നിലനിർത്തിയിട്ടുണ്ട്.

Scan the QR code to access our Objectives and Contributor Guidelines

MERISTEM- A Bilingual Book Review Magazine. Issue 3. November 15, 2026
Published by T. K. Gopalan for Kolkata Kairali Samajam
Office: 1/C, 324 Shanti Pally, Kolkata 700 107, West Bengal, India
Website: www.kolkatakairalisamajam.in
For Reviews, enquiries and letters, write to: meristem.kks@gmail.com
© 2026 Kolkata Kairali Samajam. All Rights Reserved. For Private Circulation Only
Editor: Susmesh Chandroth